PATCHED
07/10/21.....



15/9/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 683(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 6804/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 സെപ്റ്റംബർ 15**

ശ്രീമതി രാജം എൻ നായർ,
രോഹിണി,
വാടക്കൽ,
ആലപ്പുഴ – 688 003. } അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്,
പുന്നപ്ര വടക്ക് പി.ഒ., ആലപ്പുഴ – 688 014.
2) അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ
കാര്യാലയം, ആലപ്പുഴ. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 24/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/01/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 23/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/03/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 19/06/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 02/08/2021 |
| ഹിയറിംഗ് നടന്ന തീയതി | 14/09/2021 – (വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി: എസ്.പി.ഐ.ഒ. | പ്രതിനിധി ഹാജരായി ഹാജരായി |

## ഉത്തരവ്

ശ്രീമതി രാജം എൻ. നായർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ 24.12.2020 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും 23.2.2021–ന് സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്കും ലഭിച്ച മറുപടികൾ തൃപ്തികരമല്ല എന്നും ആയതിനാൽ ഹർജിക്കാരി നൽകിയ വിവരാവകാശ

അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ വ്യക്തമായി നൽകുവാൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകണമെന്നാണ്.

2. 24/12/2020 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി പ്രസ്താവിച്ചത്, 07.11.2013-ൽ വാർദ്ധക്യകാല പെൻഷൻ അനുവദിച്ചുവെങ്കിലും പെൻഷന് അർഹമായ വരുമാന പരിധി 3 ലക്ഷത്തിൽ നിന്നും 1 ലക്ഷമായി കുറച്ചുവെന്ന കാരണം പറഞ്ഞ് 19,776/- രൂപ മാത്രം വാർഷിക വരുമാനമുള്ള ഹർജിക്കാരിയുടെ അപേക്ഷ നിരസിച്ചുവെന്നും ആയത് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നാണ് :

1) ഹർജിക്കാരിയുടെ വാർദ്ധക്യകാല പെൻഷൻ അപേക്ഷയിലെ ന്യൂനത പരിഹരിക്കുന്നതിനായി ഡെപ്യൂട്ടി തഹസിൽദാർ തിരിച്ചയയ്ക്കുകയും ടി അപേക്ഷ ന്യൂനത പരിഹരിച്ചു തഹസിൽദാർ വശം എത്തിക്കാതെ അപേക്ഷ നിരസിച്ചു എന്ന തെറ്റായ വിവരം ഹർജിക്കാരിക്ക് നൽകിയത് എന്തുകൊണ്ടെന്നും

2) റേഷൻ കാർഡനുസരിച്ചു ഹർജിക്കാരിക്ക് രണ്ടു വീട് എൻ.എച്ച്. സൈഡിൽ ഉണ്ടെന്ന് ഒന്നാം എതിർകക്ഷി അംഗീകരിച്ച റിപ്പോർട്ടിൽ പറയുന്നതനുസരിച്ച് ഹർജിക്കാരിയുടെ പേരിലും കരം തീരുവയിലുമുള്ള രണ്ട് വീടിന്റെയും കെട്ടിട നമ്പരും, തറ വിസ്തീർണ്ണവും പഞ്ചായത്ത് റിക്കാർഡനുസരിച്ച് എത്രയാണെന്നും

3) പരിധിയിൽ കവിഞ്ഞ വരുമാനത്തിന്റെ സ്രോതസ് എന്താണെന്നും ഗൃഹഭരണം മാത്രം തൊഴിലായ ടിയാൾക്ക് എന്തു വരുമാനമാണ് കണ്ടെത്തിയത് എന്നും

4) പ്രായം കണക്കാക്കാൻ എസ്.എസ്.എൽ.സി. ബുക്കിലെ ജനനതീയതി അംഗീകരിക്കാൻ സാധിക്കില്ല എന്നും കാരണം പഞ്ചായത്ത് സെക്രട്ടറി ശ്രീ. പോളിന്റെ എസ്.എസ്.എൽ.സി. ബുക്കിൽ 8 മാസം കൂട്ടിയാണ് വച്ചിരിക്കുന്നതെന്നും വയസ് തെളിയിക്കാൻ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിനേക്കാൾ ആധികാരികമായ ഏതു രേഖയാണ് പഞ്ചായത്ത് സെക്രട്ടറിയായ ഒന്നാം എതിർകക്ഷിക്ക് സ്വീകാര്യമെന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 21.1.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി അപേക്ഷയ്ക്ക് ലഭിച്ച മറുപടി അവ്യക്തവും അപൂർണ്ണവും സത്യവിരുദ്ധവുമായതിനാൽ ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയിലെ ക്രമനമ്പർ 1, 3, 7 എന്നീ ഇനങ്ങൾക്ക് വ്യക്തമായ മറുപടി അപ്പീൽ വാദിക്ക് നൽകുന്നതിന് പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ. യോട് നിദ്ദേശിച്ചുകൊണ്ടും മറ്റ് ഇനങ്ങൾക്ക് വ്യക്തത വരുത്തിയും രണ്ടാം എതിർകക്ഷി 24.3.2021 തീയതി അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരി 24.12.2020-ന് വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിച്ചില്ലെന്ന് കാണിച്ച് 24.2.2021 തീയതി അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും

ഹർജിക്കാരി 7.11.2013-ൽ വാർദ്ധക്യകാല പെൻഷൻ അപേക്ഷ സമർപ്പിച്ചതനുസരിച്ച് എസ്.ഡബ്ല്യു.6979/13 തീയതി 21.11.2013 എന്ന ഉത്തരവിലൂടെ പെൻഷൻ അനുവദിച്ചുവെങ്കിലും പെൻഷന് അർഹമായ വരുമാന പരിധി മൂന്നു ലക്ഷത്തിൽ നിന്നും ഒരു ലക്ഷമായി കുറച്ചുവെന്ന കാരണം പറഞ്ഞ് 19776/- രൂപ മാത്രം വാർഷിക വരുമാനമുള്ള അപേക്ഷ ജില്ലാ കളക്ടർക്കും തുടർന്ന് ഡെപ്യൂട്ടി തഹസിൽദാർക്കും അയച്ചു കൊടുക്കുകയും എന്നാൽ ടി അപേക്ഷ പ്രായം തികഞ്ഞിട്ടില്ല എന്ന കാരണത്താൽ നിരസിച്ചുവെന്നും 1.2.2016-ൽ നൽകിയ പെൻഷൻ അപേക്ഷയും നിരസിച്ചിരുന്നു എന്നും ആയത് സംബന്ധിച്ച 8 വിവരങ്ങളായിരുന്നു ആവശ്യപ്പെട്ടിരുന്നതെന്നും അപ്പീൽ തീർപ്പാക്കുന്നതിലേക്കായി എസ്.പി.ഐ.ഒ.യോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ആയതു പ്രകാരം എസ്.പി.ഐ.ഒ. റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു എന്നും ആയത് പരിശോധിച്ചതിൽ അപ്പീൽ വാദിയുടെ 18.2.2017-ലെ അപേക്ഷയിന്മേൽ 17.3.2017-ൽ മറുപടി നൽകിയിട്ടുള്ളത് അപ്പീൽ വാദിയുടെ ഭർത്താവായ ശ്രീ.വി.കെ. നാരായണൻ നായർ എന്ന വ്യക്തിക്കാണെന്നതിനാൽ ക്രമനമ്പർ 1-ന് ഹർജിക്കാരിക്ക് മറുപടി നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുകയും ക്രമനമ്പർ 2-ൽ ആവശ്യപ്പെട്ട വിവരങ്ങൾ അപ്പീൽവാദിയുടെ ഭർത്താവായ ശ്രീ. നാരായണൻ നായരുടെ പേരിലായതിനാൽ ടി വിവരം നൽകിയിട്ടുള്ളതുമാണെന്നും ആയത് ഹർജിക്കാരനെ അറിയിക്കുകയും ചെയ്തു എന്നും ക്രമനമ്പർ 3-ന് മറുപടി നൽകുന്നതിന് എസ്.പി.ഐ.ഒ.യോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും ക്രമനമ്പർ 4-ൽ ആവശ്യപ്പെട്ട വയസ്സ് തെളിയിക്കാൻ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിനേക്കാൾ ആധികാരികമായ ഏത് രേഖയാണ് പഞ്ചായത്ത് സെക്രട്ടറിക്ക് സ്വീകാര്യമെന്നതിന് മറുപടി നൽകാൻ കഴിയാതിരുന്നതുകൊണ്ടാണ് ബാധകമല്ല എന്ന മറുപടി നൽകിയതെന്നും എസ്.എസ്.എൽ.സി. രേഖ ആധികാരിക രേഖ തന്നെയാണെന്ന് എസ്.പി.ഐ.ഒ. റിപ്പോർട്ട് പ്രകാരം വ്യക്തത വരുത്തിയിട്ടുണ്ടെന്നും ക്രമനമ്പർ 5-ൽ ആവശ്യപ്പെട്ട വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റിന് പുറമെ അപേക്ഷകന്റെ ജീവിത നിലവാരവും ഭൗതിക സാഹചര്യങ്ങളും അന്വേഷണ ഉദ്യോഗസ്ഥൻ വിലയിരുത്തിവേണം റിപ്പോർട്ട് നൽകേണ്ടതെന്ന് എസ്.പി.ഐ.ഒ. വ്യക്തത വരുത്തിയിട്ടുള്ളതാണെന്നും ക്രമനമ്പർ 6-ൽ ആവശ്യപ്പെട്ട ശ്രീ. നാരായണൻ നായർ എന്നയാളിന് മൂന്നു ലക്ഷം രൂപ വാർഷിക വരുമാന പരിധി നിലനിന്നിരുന്ന കാലയളവിലാണ് വാർദ്ധക്യകാല പെൻഷൻ അനുവദിച്ചിരുന്നതെന്ന് എസ്.പിഐ.ഒ. മറുപടി നൽകിയിട്ടുണ്ടെന്നും സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കിയ കാലയളവിൽ വരുമാന പരിധി മൂന്ന് ലക്ഷമായി ഉയർത്തിയ സാഹചര്യത്തിലാണ് ശ്രീ. നാരായണൻ നായർക്ക് പെൻഷൻ അനുവദിച്ചിരുന്നതെന്നും ക്രമനമ്പർ 7-ൽ ആവശ്യപ്പെട്ട വിവരത്തിന് റേഷൻ കാർഡിൽ ടി വിവരങ്ങൾ ഉണ്ടോ എന്ന ഭാഗത്തിന് കൂടി വ്യക്തത വരുത്തിയ മറുപടി നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നും ക്രമനമ്പർ 8-ൽ ആവശ്യപ്പെട്ട രണ്ടാം ഭാഗത്തിലെ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം സംബന്ധിച്ച് ക്രമനമ്പർ 2-ന്റെ മറുപടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയത് വളരെ ലാഘവത്തോടെയാണെന്നും ഒന്നാം അപ്പീൽ തീർപ്പിനെ തുടർന്നുള്ള നിർദ്ദേശ പ്രകാരവും പൂർണ്ണമായ മറുപടി ഹർജിക്കാരിക്ക്

നൽകിയിട്ടില്ലെന്നും കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ഹർജിക്കാരിയുടെ അപേക്ഷയിന്മേലുള്ള ലഭ്യമായ പൂർണ്ണ മറുപടി ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം ഹർജിക്കാരിക്ക് ഒന്നാം എതിർകക്ഷി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. എന്നിരുന്നാലും ഹർജിക്കാരിക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിന് തടസ്സമായി കണ്ടെത്തിയ ഭൗതീക സാഹചര്യങ്ങളും മറ്റും യഥാർത്ഥത്തിൽ ഹർജിക്കാരിയുടെ പേരിൽ തന്നെയുള്ളതാണോ എന്ന കാര്യം ഒന്നാം എതിർകക്ഷി ഓഫീസിലെ രേഖകൾ ഒരിക്കൽ കൂടി ഒന്നാം എതിർകക്ഷി പരിശോധിക്കണമെന്നും അപ്രകാരം പരിശോധിക്കുമ്പോൾ പഞ്ചായത്തിൽ ഹർജിക്കാരിയുടെ പേരിലുള്ള റിക്കോർഡുകളിൽ വല്ല മാറ്റവും വരുത്തേണ്ടതായി കാണുകയാണെങ്കിൽ അതിനാവശ്യമായ രേഖകൾ ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ ഹാജരാക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 സെപ്റ്റംബർ 15-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി